# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2647 09.03.2017 ലെ മറുപടി**

## തൃശ്ശൂർ ജില്ലയിലെ കനാലുകളിലെ എക്കൽ നീക്കം ചെയ്യൽ

| **ചോദ്യം**<br>**ശ്രീ.മുരളി പെരുനെല്ലി:** | **മറുപടി**<br>**മാത്യൂ ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
|---|---|
| (എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ ജലവിതരണത്തിനായി നിർമ്മിച്ച കനാലുകളിൽ എക്കൽ വന്നടിഞ്ഞ് ജലസംഭരണം കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ചിമ്മിനി ഡാമിൽ നിന്നും വിടുന്ന വെള്ളം ജില്ലയുടെ വടക്കൻ മേഖലയിലേക്കെത്തുന്നതിൽ കുളവാഴയും ചണ്ടിയുമുണ്ടാക്കുന്ന തടസ്സങ്ങൾക്കു പുറമെ കനാലിന്റെ ആഴം കുറഞ്ഞു വരുന്നതും കാരണമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) വിലയിരുത്തിയിട്ടുണ്ട് |
| (സി) അടിയന്തരമായി കനാലുകളിലെ എക്കൽ നീക്കം ചെയ്ത് നീരൊഴുക്കിന്റെ തടസ്സം നീക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) കോൾ ചാനലുകളിലെ കുളവാഴയും ചണ്ടിയും നീക്കം ചെയ്യുന്നതിനായി ഒരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുക കുളവാഴയും ചണ്ടിയും നീക്കം ചെയ്തതിനും ശേഷം ബാക്കിയുള്ള തുക മാത്രമേ കനാലിന്റെ അറ്റകുറ്റ പണികൾക്കു വേണ്ടി ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ. കനാലുകളിൽ നിന്നും എക്കൽ നീക്കം ചെയ്യുന്നതിന് വേണ്ടി അധിക ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**